| 25-04-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - പഴയ ദേഹവും ദേഹത്തിന്റെ സംബന്ധിയും ആരാണോ പരസ്പരം ദുഃഖം നൽകുന്നത്, അവരെല്ലാവരെയും മറന്ന് ഒരു ബാബയെ ഓർമ്മിക്കൂ, ശ്രീമതത്തിലൂടെ നടക്കൂ.**

**ചോദ്യം**:- ബാബയോടൊപ്പം തിരിച്ച് പോകുന്നതിന് വേണ്ടി ബാബയുടെ ഏത് ശ്രീമതത്തിന്റെ പാലന ചെയ്യേണ്ടതുണ്ട്?

**ഉത്തരം**:- ബാബയുടെ ശ്രീമതമാണ് കുട്ടികളേ പവിത്രമാകൂ, ജ്ഞാനത്തെ പൂർണ്ണമായി ധാരണ ചെയ്ത് കർമ്മാതീത അവസ്ഥയുണ്ടാക്കൂ അപ്പോൾ ബാബയോടൊപ്പം തിരിച്ച് പോകാൻ കഴിയും. കർമ്മാതീതമായി മാറിയില്ലെങ്കിൽ ഇടക്ക് വെച്ച് നിന്ന് ശിക്ഷകൾ അനുഭവിക്കേണ്ടി വരും. വിനാശത്തിന്റെ സമയത്ത് പല ആത്മാക്കളും ശരീരം വിട്ട് അലയുന്നു, കൂടെ പോകുന്നതിന് പകരം ഇവിടെ തന്നെ ആദ്യം ശിക്ഷകൾ അനുഭവിച്ച് കർമ്മ കണക്ക് ഇല്ലാതാക്കുന്നു അതുകൊണ്ട് ബാബയുടെ ശ്രീമതമാണ് കുട്ടികളേ തലക്ക് മുകളിൽ എന്തെല്ലാം പാപ ഭാരമുണ്ടോ, പഴയ കർമ്മ കണക്കുണ്ടോ, എല്ലാം യോഗബലത്തിലൂടെ ഭസ്മമാക്കൂ.

**ഗീതം**:- അല്ലയോ ദൂരദേശ യാത്രക്കാരാ...

**ഓം ശാന്തി**. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരുടെ ബുദ്ധിയിൽ നിന്ന് സർവ്വവ്യാപിയുടെ ജ്ഞാനം പോയിരിക്കുന്നു. ഇതാണെങ്കിൽ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കണം പരംപിതാ പരമാത്മാവ് പ്രജാപിതാ ബ്രഹ്മാവിലൂടെ പുതിയ രചന രചിക്കുന്നു. പരമാത്മാവെന്നറിയപ്പെടുന്ന ബാബ രചയിതാവാണ്. ഇതും കുട്ടികൾക്കറിയാം ബാബ വരുന്നു, വന്ന് കുട്ടികളെ തന്റേതാക്കി മാറ്റുന്നു. മായയിൽ നിന്ന് മോചിപ്പിക്കുന്നു. പഴയ ദേഹം, ദേഹ സഹിതം ഏതെല്ലാം ബന്ധുമിത്രാദികളുണ്ടോ, ആരാണോ പരസ്പരം ദുഃഖം നൽകുന്നവർ, അവരെ മറക്കണം. വൃദ്ധരോട് അവരുടെ മിത്ര സംബന്ധികൾ പറയാറുണ്ട് രാമനെ ജപിക്കൂ എന്ന്. ഇപ്പോൾ അവരും നുണ തന്നെയാണ് പറയുന്നത്. സ്വയം അറിയുന്നില്ല, അവരുടെ ബുദ്ധിയിൽ പരമാത്മാവിന്റെ ഓർമ്മയും നിൽക്കുന്നില്ല. പരമാത്മാവ് സർവ്വവ്യാപിയാണെന്ന് മനസ്സിലാക്കുന്നു. ഒരു ഭാഗത്ത് പാടുന്നു ദൂര യാത്രക്കാരാ.... ആത്മാക്കൾ ദൂരെ നിന്ന് വന്ന് ശരീരം ധാരണ ചെയ്ത് അവരവരുടെ പാർട്ടഭിനയിക്കുന്നു. ഈ എല്ലാ കാര്യങ്ങളും മനുഷ്യർക്ക് വേണ്ടി തന്നെയാണ് മനസ്സിലാക്കി കൊടുക്കുന്നത്. മനുഷ്യർ ശിവന്റെ ക്ഷേത്രമുണ്ടാക്കുന്നു. പൂജ ചെയ്യുന്നു. എന്നിട്ടും അവിടെയുമിവിടെയും അന്വേഷിച്ചു കൊണ്ടിരിക്കുന്നു. പറയുന്നു എന്നിലും നിന്നിലും എല്ലാത്തിലും വ്യാപിച്ചിരിക്കുന്നുവെന്ന്. അവരെ അനാഥരെന്ന് പറയുന്നു - നാഥനെ അറിയാത്തവർ. ഓർമ്മിക്കുന്നു അല്ലയോ ഭഗവാൻ, പക്ഷെ അറിയുന്നില്ല. കൈ കൂപ്പുന്നു. പരമാത്മാവ് നിരാകാരനാണെന്ന് മനസ്സിലാക്കുന്നു. നമ്മുടെ ആത്മാവും നിരാകാരമാണ്. ഇത് ആത്മാവിന്റെ ശരീരമാണ്. പക്ഷെ ആത്മാവിനെ ആരും അറിയുന്നില്ല. പറയുന്നുമുണ്ട് ഭൃകുടിയുടെ മധ്യത്തിൽ തിളങ്ങുന്ന അത്ഭുത നക്ഷത്രം. അഥവാ നക്ഷത്രമാണെങ്കിൽ പിന്നെ ഇത്രയും വലിയ ലിംഗമെന്തിനാണുണ്ടാക്കുന്നത്! ആത്മാവിൽ തന്നെയാണ് 84 ജന്മങ്ങളുടെ പാർട്ടടങ്ങിയിട്ടുള്ളത്. ഇതും അറിയുന്നില്ല. അവിടെയുമിവിടെയും അന്വേഷിച്ച് ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നു. എല്ലാവരെയും ഭഗവാനെന്ന് പറയുന്നു. ബദ്രീനാഥനും ഭഗവാൻ, കൃഷ്ണനും ഭഗവാൻ, കല്ലിലും മുള്ളിലും ഭഗവാനുണ്ടെങ്കിൽ പിന്നെ എന്തുകൊണ്ട് ഇത്രയും ദൂരെ ദൂരെ അന്വേഷിക്കുന്നു. ആരാണോ നമ്മുടെ ദേവീ ദേവതാ ധർമ്മത്തിലില്ലാത്തവർ അവർ ബ്രാഹ്മണനുമാകില്ല, അവർക്ക് ധാരണയുമുണ്ടാവില്ല. അവർ ഇങ്ങനെ തന്നെ നല്ലത് നല്ലതെന്ന് പറഞ്ഞു കൊണ്ടിരിക്കും. ബാബ പറയുന്നു കുട്ടികളേ ഞാൻ നിങ്ങളെ കൂട്ടികൊണ്ട് പോകും. എപ്പോഴാണോ നിങ്ങൾ ശ്രീമതത്തിലൂടെ നടന്ന് ആദ്യം പവിത്രമായി മാറി, ജ്ഞാനം ധാരണ ചെയ്ത്, തന്റെ കർമ്മാതീത അവസ്ഥ ഉണ്ടാക്കുന്നത് അപ്പോൾ മാത്രമേ എന്നോടൊപ്പം വീട്ടിൽ എത്തിച്ചേരൂ. ഇല്ലായെങ്കിൽ ഇടക്ക് വെച്ച് നിന്ന് വളരെ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരും. മരിച്ചതിന് ശേഷം പല ആത്മാക്കളും അലയുന്നുമുണ്ട്. ശരീരം ലഭിക്കുന്നത് വരെ അലഞ്ഞ് ശിക്ഷ അനുഭവിക്കും. ഇവിടെ വളരെ മോശമായി മാറും - വിനാശത്തിന്റെ സമയത്ത്. ശിരസ്സിന് മേൽ വളരെയധികം പാപഭാരമാണ്, എല്ലാവർക്കും കർമ്മക്കണക്ക് ഇല്ലാതാക്കുക തന്നെ വേണം. ചില കുട്ടികളാണെങ്കിൽ ഇപ്പോൾ വരെയും യോഗത്തെ മനസ്സിലാക്കിയിട്ടില്ല. ഒരു മിനിറ്റ് പോലും ബാബയെ ഓർമ്മിക്കുന്നില്ല. നിങ്ങൾ കുട്ടികൾക്ക് ഇടക്കിടക്ക് പറയേണ്ടി വരുന്നു - ബാബയെ ഓർമ്മിക്കൂ എന്തുകൊണ്ടെന്നാൽ ശിരസ്സിൽ വളരെയധികം ഭാരമുണ്ട്. മനുഷ്യർ പറയുന്നു പരമാത്മാവ് സർവ്വവ്യാപിയാണെന്ന്. എന്നിട്ടും തീർത്ഥയാത്രയിൽ വളരെയധികം അലയുന്നു. എല്ലാ കർമ്മകാണ്ഡം മുതലായവ ചെയ്യുന്നതിലൂടെ നമുക്ക് പരമാത്മാവിനെ

കണ്ടുമുട്ടുന്നതിനുള്ള വഴി ലഭിക്കുമെന്ന് മനസ്സിലാക്കുന്നു. ബാബ പറയുന്നു പതിത ഭ്രഷ്ടാചാരികൾക്കാണങ്കിൽ എന്റെയടുത്ത് എത്തിച്ചേരുവാൻ പോലും സാധിക്കില്ല. പറയുന്നു ഇന്നയാൾ നിർവ്വാണം പ്രാപിച്ചു, പക്ഷെ ഇത് കിംവദന്തി പറയലാണ്. ആരും തന്നെ പോകുന്നില്ല. ഇപ്പോൾ നിങ്ങൾക്കറിയാം – ഭക്തിമാർഗ്ഗത്തിൽ എത്ര ബുദ്ധിമുട്ടനുഭവിച്ചു. ഈ ശാസ്ത്രം മുതലായ എല്ലാം പഠിച്ച്–പഠിച്ച് മനുഷ്യർക്ക് വീഴുക തന്നെ വേണം. ബാബ ഉയർത്തുന്നു, രാവണൻ വീഴ്ത്തുന്നു. ബാബയിപ്പോൾ മനസ്സിലാക്കി തരുന്നു നിങ്ങൾ എന്റെ ശ്രീമതത്തിലൂടെ നടന്ന് പവിത്രമായി മാറുകയും നല്ല രീതിയിൽ പഠിക്കുകയും ചെയ്താൽ സ്വർഗ്ഗത്തിൽ എത്തും, ഇല്ലായെങ്കിൽ ഇത്രയും ഉയർന്ന പദവി നേടാൻ സാധിക്കില്ല. പ്രദർശിനിയുടെ സേവനം വളരെയധികം നടക്കുന്നുണ്ട്. ഇപ്പോൾ ഈ സേവനം വർദ്ധിക്കും. ഗ്രാമ–ഗ്രാമങ്ങളിൽ പോകും. ഇത് പുതിയ കണ്ടുപിടുത്തമാണ്. പുതിയ പുതിയ പോയിന്റുകൾ വന്നു കൊണ്ടിരിക്കും. ഏതുവരെ ജീവിച്ചിരിക്കുന്നുവോ അതുവരെ പഠിക്കുക തന്നെ വേണം. നിങ്ങളുടെ ലക്ഷ്യം തന്നെ ഭാവിയിലേക്ക് വേണ്ടിയാണ്. ഈ ശരീരം ഉപേക്ഷിച്ചാൽ നിങ്ങൾ പോയി രാജകുമാരനും രാജകുമാരിയുമാകും. അവിടെ നരകത്തിന്റെ പേരോ അടയാളമോ ഉണ്ടാവില്ല. ഭൂമിയും ഇളകി മറിഞ്ഞ് പുതിയതായി മാറുന്നു. ഈ കെട്ടിടം മുതലായ എല്ലാം നശിക്കും. പറയുന്നു സ്വർണ്ണത്തിന്റെ ദ്വാരക താഴേക്ക് പോയി. താഴെ ആരും പോകുന്നില്ല. ഇതാണെങ്കിൽ ചക്രം കറങ്ങുകയാണ്. ഈ തീർത്ഥയാത്ര മുതലായ എല്ലാം ഭക്തിമാർഗ്ഗത്തിലെയാണ്. ഭക്തി രാത്രിയാണ്. ഭക്തിയുടെ രാത്രി എപ്പോൾ പൂർത്തിയാകുന്നുവോ അപ്പോൾ ബ്രഹ്മാവിന്റെ പകൽ വരുന്നു. ദ്വാപര കലിയുഗം ബ്രഹ്മാവിന്റെ രാത്രിയാണ്, പിന്നീട് പകലുണ്ടാവണം. നിങ്ങൾ കുട്ടികളിലും നമ്പർവൈസാണ്. എല്ലാവർക്കും ഒരു പോലെ പഠിക്കാൻ കഴിയില്ല. പല പല തരക്കാരാണ്. പ്രദർശിനിയിൽ നോക്കൂ എത്ര പേരാണ് വരുന്നത്. 5–7 ആയിരങ്ങൾ ദിവസവും വരുന്നു. പിന്നീട് അവശേഷിക്കുന്നത് ആരാണ്! കോടിയിൽ ചിലർ, ചിലരിലും ചിലർ. എഴുതുന്നു– ബാബാ, ദിവസവും വരുന്നത് 3–4 പേരാണ്, ചിലർ 7 ദിവസത്തെ കോഴ്സും എടുക്കുന്നു, പിന്നീട് വരുന്നേയില്ല. ആരാണോ ദേവീ ദേവതാ ധർമ്മത്തിലുള്ളവർ അവരേ ഇവിടെ നിൽക്കൂ. സാധാരണ നിർധനർ തന്നെയാണ് വരുന്നത്. സമ്പന്നരാണെങ്കിൽ വളരെ പ്രയാസപ്പെട്ടാണ് നിൽക്കുന്നത് വളരെയധികം പ്രയത്നിക്കേണ്ടി വരുന്നു. കത്തും എഴുതുന്നു. രക്തം കൊണ്ടു എഴുതി നൽകുന്നു. പിന്നീട് പോകെ–പോകെ മായ വിഴുങ്ങുന്നു. യുദ്ധം നടക്കുമ്പോൾ രാവണൻ വിജയം നേടുന്നു. ബാക്കി ആരാണോ കുറച്ചെന്തെങ്കിലും കേൾക്കുന്നത് അവർ പ്രജയിൽ പോകുന്നു. ബാബയാണെങ്കിൽ മനസ്സിലാക്കി തന്നു കൊണ്ടിരിക്കുന്നു – ശ്രീമതത്തിലൂടെ നടക്കണം. മമ്മയും ബാബയും അനന്യ കുട്ടികളും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത് പോലെ. മഹാരഥികളുടെ പേരാണെങ്കിൽ എടുക്കുന്നുണ്ടല്ലോ! പാണ്ഡവ സേനയിൽ ആരെല്ലാമാണ്, അവരുടെയും പേര് പ്രസിദ്ധമാണ്. അതുപോലെ കൗരവ സേനയുടെയും മുഖ്യമായവരുടെ പേര് പ്രസിദ്ധമാണ്. യൂറോപ്യന്മാരായ യാദവരുടെയും പേരുണ്ട്. ആരാണോ പ്രശസ്തരായവർ അവരുടെ പേര് ദിനപത്രങ്ങളിലുമിടുന്നു. അവരെല്ലാം പരംപിതാ പരമാത്മാവിനോട് വിപരീത ബുദ്ധിയുള്ളവരാണ്. ബാബയെ എത്ര ഓർമ്മിക്കുന്നുവോ, അത്രയും വികർമ്മം വിനാശമാവുകയും ചെയ്യും ഉയർന്ന പദവിയും ലഭിക്കും. മറ്റുള്ളവരെയും തനിക്കു സമാനമാക്കി മാറ്റണം, ദയാഹൃദയരാവുകയും അന്ധന്മാരുടെ ഊന്ന് വടിയുമായി മാറണം. ചിലർ അന്ധൻ, ചിലർ ബധിരൻ, ചിലർ മൂകനുമാകുന്നു. ഇവിടെയും കുട്ടികൾ നമ്പർവൈസാണ്. അങ്ങനെയുള്ളവർ പിന്നീട് സാധാരണ പ്രജയിൽ പോയി വേലക്കാരനായി മാറും. മുന്നോട്ട് പോകവെ നിങ്ങൾക്കെല്ലാവർക്കും സാക്ഷാത്ക്കാരമുണ്ടാകും. ഈശ്വരനെ സർവ്വവ്യാപിയെന്ന് പറയുക – ഇതാരും മനസ്സിലാക്കുന്നില്ല. ഈശ്വരനാണെങ്കിൽ ജ്ഞാനത്തിന്റെ സാഗരനാണ്. ഈശ്വരൻ തന്നെയാണ് വന്ന് നിങ്ങൾക്ക് ജ്ഞാനം നൽകുന്നത്, രാജയോഗവും പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ശ്രീകൃഷ്ണന്റെ ആത്മാവ്, ആരാണോ ഇപ്പോൾ 84 ജന്മങ്ങൾ പൂർത്തിയാക്കിയിരിക്കുന്നത്, അവരും ഇപ്പോൾ ഈ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. എത്ര ഗുഹ്യമായ കാര്യങ്ങളാണ്. ഈ സമയം എല്ലാവരും ബാബയെ മറന്നത് കാരണം മഹാ ദുഖികളായിരിക്കയാണ്. നിങ്ങൾ കുട്ടികൾ എത്ര പുരുഷാർത്ഥം ചെയ്യുന്നോ, നിങ്ങളിൽ നിന്ന് അത്രയും കുറവുകൾ ഇല്ലാതാകും, വളരെ ഉയർന്ന ലക്ഷ്യമാണ്. കോടികളിൽ മുഖ്യമായ 8 എണ്ണം വരുന്നു. പിന്നീട് 108 ന്റെ മാലയുണ്ടാക്കുന്നു. പിന്നീട് 16000. ഇതും ലക്ഷ്യം നൽകുകയാണ് – പുരുഷാർത്ഥം ചെയ്യുന്നതിന് വേണ്ടി. വാസ്തവത്തിൽ 16000 ഇല്ല. മാല 108ന്റെയാണ്. മുകളിൽ പൂവ് പിന്നീട് ജോടിയായ മുത്ത്, നമ്പർവൈസ് വിഷ്ണുവിന്റെ മാലയുണ്ടാക്കുന്നു. പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നതിന് വേണ്ടി എത്രയാണ് മനസ്സിലാക്കി തരുന്നത്. ആരാണോ ഈ ധർമ്മത്തിലെയല്ലാത്തവർ അവർ ഒന്നും മനസ്സിലാക്കുകയില്ല. സ്വർഗ്ഗത്തിലെ സുഖം അനുഭവിക്കാൻ യോഗ്യരേയല്ല. പൂജാരികൾ വേണമെങ്കിൽ ഒരുപാടുണ്ട്, അവരും വരും പ്രജയിൽ. പ്രജാ പദവി ഒന്നും തന്നെയല്ല. മമ്മ ബാബാ എന്ന് പറയുന്നുണ്ടെങ്കിൽ ഫോളോ ചെയ്ത് മമ്മ ബാബയുടെ സിംഹാസനധാരികളായി മാറൂ. എന്തുകൊണ്ടാണ് നിരാശരാകുന്നത്! സ്ക്കൂളിൽ ചില കുട്ടികൾ പറയും ഞങ്ങൾ പാസാവുകയില്ല അപ്പോൾ എല്ലാവരും പറയും ഇവർ ഡൾ ഹെഡാണ് (ബുദ്ധി

ശൂന്യർ). വിവേകശാലികളായ കുട്ടികൾ വളരെ നന്നായി പഠിക്കുന്നു ഉയർന്ന നമ്പറിൽ വരുന്നു. നിങ്ങൾ കുട്ടികൾക്ക് പ്രദർശിനിയിൽ വളരെ നന്നായി സേവനം ചെയ്യാൻ സാധിക്കും. ബാബയോടും ചോദിക്കാൻ കഴിയും – ബാബാ ഞാൻ സേവനം ചെയ്യാൻ യോഗ്യനാണോ. അപ്പോൾ ബാബക്ക് പറയാൻ കഴിയും കുട്ടികളെ ഇപ്പോൾ നിങ്ങൾക്ക് വളരെയധികം പഠിക്കേണ്ടതുണ്ട് അഥവാ യോഗ്യരായി മാറണം. വിദ്വാൻമാരുടെയല്ലാം മുന്നിൽ മനസ്സിലാക്കി കൊടുക്കാൻ വളരെ സമർത്ഥരായവർ വേണം. ആദ്യമാദ്യം ഈ നിശ്ചയം ചെയ്യിക്കണം ഭഗവാൻ വന്നു കഴിഞ്ഞുവെന്ന്. വിളിച്ചിരുന്നല്ലോ ദൂരദേശത്ത് വസിക്കുന്നവനേ വരൂ, ഞങ്ങളെ കൂടെ കൂട്ടികൊണ്ട് പോകൂ എന്തുകൊണ്ടെന്നാൽ ഞങ്ങൾ വളരെ ദുഖിതരാണ്. സത്യയുഗത്തിലാണെങ്കിൽ ഇത്രയും മനുഷ്യർ ഉണ്ടായിരിക്കുകയേയില്ല. എല്ലാ ആത്മാക്കളും മുക്തിധാമത്തിലേക്ക് പോകും, എന്തിന് വേണ്ടിയാണോ ലോകത്തിലുള്ളവർ ഇത്രയും ഭക്തി ചെയ്യുന്നത്. ബാബ പറയുന്നു ഞാൻ എല്ലാവരെയും കൂട്ടികൊണ്ട് പോകും. സെക്കന്റിൽ മുക്തി ജീവൻമുക്തി. നിശ്ചയം ഉണ്ടെങ്കിൽ ജീവൻമുക്തമാകും പിന്നീട് ജീവൻമുക്തിയിലും പദവിയുണ്ട്. പുരുഷാർത്ഥം ചെയ്യണം ജീവൻ മുക്തിയിൽ രാജാ-റാണിയുടെ പദവി നേടാൻ. മമ്മ-ബാബ മഹാരാജാവും മഹാറാണിയുമായി മാറുന്നുവെങ്കിൽ നമ്മൾ എന്തുകൊണ്ട് പദവി നേടില്ല. പുരുഷാർത്ഥം ചെയ്യുന്നവരെ ഒളിപ്പിക്കാൻ സാധിക്കുകയില്ല. മുഴുവൻ രാജധാനിയും സ്ഥാപിതമായികൊണ്ടിരിക്കുകയാണ്. ധർമ്മത്തിലുള്ളവർ ആരെല്ലാമുണ്ടോ തീർച്ചയായും വരും. മമ്മയും ബാബയും രാജാവും റാണിയുമാകുന്നുവെങ്കിൽ നമുക്ക് എന്തുകൊണ്ട് പുരുഷാർത്ഥം ചെയ്തു കൂടാ.

ബാബക്ക് കുട്ടികൾ കത്തെഴുതുന്നു – ബാബാ ഇടക്കിടക്ക് സെന്ററിൽ വരുന്നുണ്ട്. ഇപ്പോൾ പെൺകുട്ടിയുടെ വിവാഹം നടത്തിക്കണം. ഏതെങ്കിലും ജ്ഞാനിയായ ആൺകുട്ടിയുണ്ടെങ്കിൽ പറഞ്ഞുതരൂ വിവാഹം ചെയ്യിപ്പിക്കാം. പെൺകുട്ടി പറയും ഞാൻ വിവാഹം ചെയ്യില്ല. അനേകം കുട്ടികൾ അടി കൊള്ളുന്നു. അബലകളുടെ മേൽ അത്യാചാരമുണ്ടാകുന്നു. ബാബ എഴുതുന്നു അച്ഛനും അമ്മയും കുട്ടിയും മൂന്ന് പേരും ബാബയുടെയടുത്ത് വരൂ എങ്കിൽ ബാബ മനസ്സിലാക്കി തരാം. ആദരണീയനായ പിതാശ്രി എഴുതുകയാണ് എങ്കിൽ വരൂ. ടിക്കറ്റിന് വേണ്ടി പൈസയില്ല എങ്കിൽ അതും തരാം. സന്മുഖത്ത് വരുന്നതിലൂടെ ശ്രീമതം ലഭിക്കും. കുമാരിയുടെ ഹത്യയൊന്നും ചെയ്യേണ്ടതില്ലല്ലോ. ഇല്ലായെങ്കിൽ പാപാത്മാവായി മാറും. ബാബയുടെ ശ്രീമതത്തിലൂടെ നടന്ന് പവിത്രമായി മാറേണ്ടതുണ്ട്. ശരി –

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:- .

1) ജീവൻമുക്ത പദവി നേടുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം. എങ്ങനെയാണോ അച്ഛനും അമ്മയും മഹാരാജാവും മഹാറാണിയുമായി മാറുന്നത്, അതുപോലെ ഫോളോ ചെയ്ത് സിംഹാസനസ്ഥരായി മാറണം. വിവേകശാലികളായി മാറി നല്ല രീതിയിൽ പഠിപ്പ് പഠിക്കണം.

2) ബാബയോട് സത്യമായ പ്രീതി വയ്ക്കണം. ദയാഹൃദയരായി മാറി അന്ധന്മാർക്ക് വഴി കാണിച്ച് കൊടുക്കണം. ബാബയിൽ നിന്ന് സന്മുഖത്ത് ശ്രീമതമെടുത്ത് പാപാത്മാവാകുന്നതിൽ നിന്ന് രക്ഷപ്പെടുകയും രക്ഷപ്പെടുത്തുകയും വേണം.

## വരദാനം:- മായയുടെ അല്ലെങ്കിൽ പ്രകൃതിയുടെ ഭിന്ന-ഭിന്ന കാർട്ടൂൺ ഷോയെ സാക്ഷിയായി കാണുന്ന സന്തോഷി ആത്മാവായി ഭവിക്കൂ

സംഗമയുഗത്തിൽ ബാപ്ദാദയുടെ വിശേഷ ഉപഹാരമാണ് സന്തുഷ്ടത. സന്തോഷി ആത്മാവിന്റെ മുന്നിൽ എങ്ങനെയുള്ള ഇളക്കുന്ന പരിസ്ഥിതിയും പാവക്കളി പോലെ അനുഭവപ്പെടും. ഇന്നത്തെ കാലത്ത് കാർട്ടൂൺ ഷോയുടെ ഫാഷനാണ്. അതുകൊണ്ട് എപ്പോഴെങ്കിലും ഏതെങ്കിലും പരിസ്ഥിതി വന്നാൽ അതിനെ ഇങ്ങനെ തന്നെ മനസ്സിലാകക്കൂ പരിധിയില്ലാത്ത സ്ക്രീനിൽ കാർട്ടൂൺ ഷോ അല്ലെങ്കിൽ പാവക്കളി നടന്നുകൊണ്ടിരിക്കുകയാണ്. മായയുടെ അല്ലെങ്കിൽ പ്രകൃതിയുടെ ഒരു ഷോയാണിത്, അതിനെ സാക്ഷീ സ്ഥിതിയിൽ സ്ഥിതി ചെയ്ത്, തന്റെ പ്രൗഢിയിൽ കഴിഞ്ഞ്, സന്തുഷ്ടതയുടെ സ്വരൂപത്തിൽ കണ്ടുകൊണ്ടിരിക്കൂ – അപ്പോൾ പറയും സന്തോഷീ ആത്മാവ്.

**സ്ലോഗൻ:- ഏത് പ്രകാരത്തിലുള്ള കുറവിനും ഉപരിയായി കഴിയുന്നത് തന്നെയാണ് സമ്പൂർണ്ണമാകുക.**

**മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യം-**
**"പരമാത്മാവിന്റെ സത്യമായ സന്താനമായി ഒരു സംശയത്തിലേക്കും വരരുത് "**

ഭഗവാനുവാചാ കുട്ടികളെ പ്രതി - കുട്ടികളേ, എപ്പോൾ പരമാത്മാവ് സ്വയം ഈ സൃഷ്ടിയിൽ അവതരിച്ചിരിക്കുന്നോ, അപ്പോൾ ആ പരമാത്മാവിന് നമുക്ക് ഉറച്ച കൈ നൽകണം എന്നാൽ പൂർണ്ണമായും സത്യമായ കുട്ടിക്ക് മാത്രമേ ബാബയ്ക്ക് കൈ നൽകാൻ സാധിക്കൂ. ഈ ബാബയുടെ കൈ ഒരിക്കലും ഉപേക്ഷിക്കരുത്, അഥവാ ഉപേക്ഷിച്ചു എങ്കിൽ അനാഥരായി എവിടേക്ക് പോകും! എപ്പോൾ പരമാത്മാവിന്റെ കൈ പിടിച്ചോ പിന്നീട് സൂക്ഷ്മത്തിൽ ഈ സങ്കൽപം വരരുത് ഞാൻ ഉപേക്ഷിക്കുമോ അഥവാ സംശയം വരരുത്. അറിയില്ല ഞാൻ മറികടക്കുമോ ഇല്ലയോ എന്ന്, ഇങ്ങനെയും ചില കുട്ടികളുണ്ട് അവർ അച്ഛനെ തിരിച്ചറിയാത്തു കാരണം അച്ഛന്റെ മുന്നിൽ വന്നിട്ടും പറയുന്നു ഞങ്ങൾക്ക് ആരും പ്രശ്നമല്ല. അഥവാ ഇങ്ങനെയുള്ള ചിന്ത വന്നാൽ ഇങ്ങനെയുള്ള അയോഗ്യരായ കുട്ടികളുടെ സംരക്ഷണം അച്ഛനെങ്ങനെ ചെയ്യും പിന്നീട് കരുതിക്കോളൂ വീണു കഴിഞ്ഞു എന്തുകൊണ്ടെന്നാൽ മായ വീഴ്ത്തുന്നതിയി വളരെയധികം പരിശ്രമിക്കുന്നുണ്ട് എന്തുകൊണ്ടെന്നാൽ പരീക്ഷ അവശ്യം നടത്തും അതായത് യോദ്ധാവ് എത്രത്തോളം ശക്തനായ യോദ്ധാവാണ്! ഇപ്പോൾ ഇതും അത്യാവശ്യമാണ്, എത്രത്തോളം നമ്മൾ പ്രഭുവിനോടൊപ്പം ശക്തരായിക്കൊണ്ടിരിക്കുന്നോ അത്രത്തോളം മായയും ശക്തനായി നമ്മളെ വീഴ്ത്തുന്നതിനായി പരിശ്രമിക്കും. ജോഡി കൃത്യമായി തയ്യാറാകും, പ്രഭു എത്രത്തോളം ബലവാനാണോ മായയും അത്രയും തന്നെ ബലത്വം കാണിക്കും, എന്നാൽ നമുക്ക് ഉറച്ച നിശ്ചയമുണ്ട് അന്തിമ മഹാ ബലവാൻ പരമാത്മാവാണ്, അന്തിമ വിജയം പരമാത്മാവിന്റേതാണ്. ശ്വാസ ശ്വാസം ഈ വിശ്വാസത്തിൽ കഴിയണം, മായക്ക് തന്റെ ബലം കാണിച്ച് കൊടുക്കണം, മായ പ്രഭുവിന് മുന്നിൽ തന്റെ ബലഹീനത കാണിക്കില്ല, ഒരേഒരു പ്രാവശ്യം ദുർബലമായാൽ അതോടെ കഴിഞ്ഞു അതുകൊണ്ട് മായ തന്റെ ശക്തി കാണിക്കും, എന്നാൽ സ്വയം മായാപതിയുടെ കൈ ഉപേക്ഷിക്കരുത്, ആ കൈ പൂർണ്ണമായും പിടിച്ചുവെങ്കിൽ കരുതിക്കോളൂ വിജയം അവരുടേതാണ്, എപ്പോൾ പരമാത്മാവ് നമ്മുടെ യജമാനനാണോ, അപ്പോൾ ആ കൈ ഉപേക്ഷിക്കുന്നതിന്റെ സങ്കൽപം പോലും വരരുത്. അഥവാ കൈ ഉപേക്ഷിച്ചുവെങ്കിൽ വലിയ വിഡ്ഢിയായി അതുകൊണ്ടാണ് പരമാത്മാവ് പറയുന്നത്, കുട്ടികളേ എപ്പോൾ ഞാൻ സ്വയം സമർത്ഥനാണോ, അപ്പോൾ എന്റെ കൂടെയുള്ള നിങ്ങളെയും അവശ്യം സമർത്ഥനാക്കും. മനസസ്സിലായോ കുട്ടികളേ. ശരി - ഓം ശാന്തി.